HLM-0151

The Heavenly Light Ministry

യഹോവ ദൈവമാം വിശുദ്ധജാതി നാം
അവനവകാശമാം ജനം നാം
പരദേശികൾ നാം ഭാഗ്യശാലികൾ
ഇതുപോലൊരു ജാതിയുണ്ടോ യഹോവ

ആപത്തിൽ നമ്മുടെ ദിവ്യസങ്കേതവും
ബലവും ദൈവമൊരുവനത്രേ
ആകയാൽ പാരിടം ആകെയിളകിലും
നാമിനി ഭയപ്പെടുകയില്ല യഹോവ

അവനീ തലത്തിൽ അപമാനം നമു
ക്കവകാശമെന്നോർത്തീടേണം
അവനായ് കഷ്ടത ഏൽക്കുകിൽ തേജസ്സിൽ
അനന്തയുഗം വാണിടും നാം യഹോവ

നിര നിര നിരമായ് അണിനിരന്നീടുവിൻ
കുരിശിൻ പടയാളികളെ
ജയ ജയ ജയ കാഹളം ഊതീടുവിൻ
ജയ വീരനാം യേശുവിന്